പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4618

18.05.2017 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡ് സഹകരണ ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടോ ; | (എ) | കൺസ്യൂമർ ഫെഡറേഷൻ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടെന്നും ആയതിന്റെ തുകകൾ എത്രയെന്നും വിശദീകരിക്കുമോ ; | (ബി) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | ബാങ്കിന്റെ പേര് | തുക (കോടിയിൽ) |
|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 190.82 |
| 2 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | 10.00 |
| 3 | ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | 10.00 |
| 4 | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | 125.00 |
| 5 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 75.00 |
| **ആകെ** | | **410.82** |

| | | | |
|---|---|---|---|
| (സി) | ഈ വായ്പ എടുത്തിട്ടുള്ളത് ഏതെല്ലാം ആവശ്യത്തിനാണ്; ഇതിന് ഈട് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് തരത്തിലുള്ള ഈടാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | കൺസ്യൂമർഫെഡിന്റെ ബിസിനസ്സ് ആവശ്യത്തിനാണ് വായ്പകൾ എടുത്തിട്ടുള്ളത്. വായ്പകൾക്ക് ഈട് നൽകിയിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ വ്യാപാരസ്ഥാപനങ്ങളിലെ സ്റ്റോക്ക്, വസ്തുവിന്റെ ആധാരം എന്നിവയാണ് ഈട് നൽകിയിട്ടുള്ളത്. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയിലെ 25 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടി ഈടായി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വായ്പകൾ നൽകുമ്പോൾ ആയതിന് സഹകരണ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ഡി) | ഒരു സഹകരണസ്ഥാപനമെന്ന നിലയിൽ കൺസ്യൂമർ ഫെഡറേഷൻ നിയമത്തിലെയും ബൈലോയുടെയും വ്യവസ്ഥകൾക്ക് വിധേയമായി സ്വന്തം നിലയിലാണ് വായ്പകൾ എടുത്തിട്ടുള്ളത്. ഇത്തരത്തിൽ വായ്പകൾ എടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**